# പോലീസ് വകുപ്പ്

# കേരളം

**No.S2-32343/2021/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 21-05-2022

## സർക്കുലർ. 16/2022/പി എച്ച് ക്യൂ

വിഷയം : കേരളാ പോലീസ് വകുപ്പ് - ക്യാമ്പ് ഫോളോവർമാരുടെ ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ - ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന : 1. 28.03.2019 തീയതിയിലെ പി.എച്ച്.ക്യൂ. സർക്കുലർ നം. 02/2019.
2. 14.10.2020 തീയതിയിലെ G.O.(P) No. 13/2020/P & ARD നമ്പർ ഉത്തരവ് (SRO No. 715/2020).
3. OA (EKM) No. 802/2020 - ൽ ബഹു:കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (അഡീഷണൽ ബെഞ്ച്, എറണാകുളം) പുറപ്പെടുവിച്ച 06.08.2021 തീയതിയിലെ ഉത്തരവ്.

പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാരുടെ ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചുകൊണ്ട് സൂചന 1 സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൽ കുക്ക്, വാട്ടർ കാരിയർ, സ്വീപ്പർ, ബാർബർ, ഡോബി എന്നിവരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

**02.** എന്നാൽ സൂചന 2-ലെ സ്പെഷ്യൽ റൂൾസ് ഭേദഗതി പ്രകാരം പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാരെ ലാസ്റ്റ് ഗ്രേഡ് സർവീസ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ക്യാമ്പ് ഫോളോവർ കാറ്റഗറിയിൽ സ്വീപ്പർ-കം-സാനിറ്റേഷൻ വർക്കർ, ഡോബി, ബാർബർ, വാട്ടർ കാരിയർ, കുക്ക്, കുക്ക്-കം-സ്വീപ്പർ എന്നീ തസ്തികകൾ ഉൾപ്പെടുത്തുകയും ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ സ്പെഷ്യൽ റൂൾസ് ഭേദഗതി നിലവിൽ വരുന്നതിനുമുൻപ് പുറപ്പെടുവിച്ച സൂചന 1 സർക്കുലറിൽ, സ്പെഷ്യൽ റൂൾസ് പ്രകാരം ക്യാമ്പ് ഫോളോവർ കാറ്റഗറിയിലുൾപ്പെടുത്തിയിട്ടുള്ള എല്ലാ തസ്തികകളുടെയും ഉത്തരവാദിത്തങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, സ്പെഷ്യൽ റൂൾസ് ഭേദഗതി പ്രകാരം പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാരെ ലാസ്റ്റ് ഗ്രേഡ് സർവീസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയത് പരിഗണിച്ച് സൂചന 1 സർക്കുലർ പുന: പരിശോധിക്കുവാൻ ബഹു:കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (അഡീഷണൽ ബെഞ്ച്, എറണാകുളം) സൂചന 3 പ്രകാരം നിർദേശിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ, **പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാരുടെ ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സൂചന 1 സർക്കുലറിൽ താഴെപ്പറയുന്ന മാറ്റങ്ങൾവരുത്തി ഇതിനാൽ ഉത്തരവാകുന്നു:**

**i.** സ്പെഷ്യൽ റൂൾസ് ഭേദഗതി പ്രകാരം പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർ വിഭാഗത്തിൽ 'സ്വീപ്പർ' തസ്തികയില്ല, സ്വീപ്പർ-കം-സാനിറ്റേഷൻ വർക്കർ തസ്തികയാണ് ഉള്ളത്. ആയതിനാൽ സൂചന 1 സർക്കുലറിൽ 'സ്വീപ്പർ' എന്നു രേഖപ്പെടുത്തിയിട്ടുള്ളത് 'സ്വീപ്പർ-കം-സാനിറ്റേഷൻ വർക്കർ' എന്ന് തിരുത്തിവായിക്കേണ്ടതാണ്.

**ii.** സൂചന 1 സർക്കുലറിൽ കുക്ക്-കം-സ്വീപ്പറുടെ ഉത്തരവാദിത്തങ്ങൾ പരാമർശിച്ചിട്ടില്ല. ആയതിനാൽ കുക്ക്-കം-സ്വീപ്പറുടെ ഉത്തരവാദിത്തങ്ങൾ താഴെപറയുംപ്രകാരം നിശ്ചയിക്കുന്നു:

1. സേനാംഗങ്ങൾക്ക് ആവശ്യമായ ഭക്ഷണം തയ്യാറാക്കുക.
2. പാചകം ചെയ്യുന്ന ആഹാരം സ്വാദിഷ്ടവും സേനാംഗങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിക്കുവാൻ പര്യാപ്തവുമായിരിക്കണം. പാചകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ വൃത്തിയായി സൂക്ഷിക്കേണ്ടതും, പാചകസമയത്തും, പാചകശേഷവും മലിനകരമായതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ വസ്തുക്കൾ ഭക്ഷണത്തിൽ കലരാതെയിരിക്കുവാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.
3. പാചകത്തിനുള്ള സാധനങ്ങൾ, പാത്രങ്ങൾ എന്നിവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. പാചകത്തിനായുള്ള ഭക്ഷ്യ വസ്തുക്കൾ കൃത്യഅളവിൽ ഉപയോഗിക്കുവാനും ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
4. പാചകപാത്രങ്ങളും പാചകപ്പുരയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. പാചകസമയം ഒഴികെയുള്ള അവസരങ്ങളിൽ പാചക വാതക കണക്ഷനുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയവ ഓഫ് ചെയ്ത് സുരക്ഷ ഉറപ്പ് വരുത്തേണ്ടതാണ്.
5. ഡിപ്പാർട്ട്മെൻറ് വക സ്ഥലവും കെട്ടിടങ്ങളും പരിസരവും വൃത്തിയാക്കുകയെന്നതും കുക്ക്-കം-സ്വീപ്പറുടെ ചുമതലകളിൽപ്പെടുന്നു. ആസ്ഥാനത്തും ക്യാമ്പ് പരിസരത്തും ചപ്പുചവറും അഴുക്കും കെട്ടിക്കിടന്ന് സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാൻ മുൻകരുതൽ എടുക്കേണ്ടതാണ്. ക്യാമ്പ് പരിസരത്തെ ഓടകളും ചാലുകളും വൃത്തിയാക്കി കീടനാശിനികൾ തളിച്ച് പരിസരം അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. ഡ്യൂട്ടി സമയങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള യൂണിഫോം ധരിച്ചിരിക്കണം.
7. കുക്ക്-കം-സ്വീപ്പർമാരുടെ ഡ്യൂട്ടി സമയം യൂണിറ്റ് മേധാവികൾ അതത് യൂണിറ്റിന്റെ ആവശ്യാനുസരണം ക്രമീകരിച്ച്

നൽകേണ്ടതാണ്.

8. ആഴ്ചയിലൊരിക്കൽ നഖം മുറിക്കുകയും, കൃത്യമായി മുടി മുറിക്കുകയും, ദൈനംദിന വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്യണം.
9. മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് യൂണിറ്റ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്.

**iii.** സൂചന 1 സർക്കുലറിൽ ഡോബി തസ്തികയുടെ ചുമതലകൾക്കുശേഷമുള്ള ആദ്യഖണ്ഡിക ചുവടെചേർക്കുംവിധം ഭേദഗതി ചെയ്യുന്നു:

"ക്യാമ്പ് ഫോളോവർവിഭാഗത്തിലെ വിവിധ തസ്തികകൾക്ക് അവരിൽ നിക്ഷിപ്തമായിട്ടുള്ള കൃത്യനിർവ്വഹണത്തെ ആസ്പദമാക്കി ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ചില അത്യാവശ്യ സന്ദർഭങ്ങളിൽ അവരെ മറ്റ് ജോലികൾക്കും നിയോഗിക്കേണ്ടതായി വരുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ അച്ചടക്ക സായുധ സേനയുടെ അന്തസ്സിന് ചേർന്ന രീതിയിൽ അർപ്പണ മനോഭാവത്തോടെ നിയോഗിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്തം നിർവ്വഹിക്കുവാൻ ക്യാമ്പ് ഫോളോവർമാർ തയ്യാറാവണം. ആസ്ഥാന ഓഫീസിൽ നിന്നും സേനാംഗങ്ങളെ മറ്റ് ആസ്ഥാനങ്ങളിലോ ജില്ലകളിലോ നിയമപരിപാലനം, ഇലക്ഷൻ, സ്റ്റോർകളക്ഷൻ തുടങ്ങിയ മറ്റ് ആവശ്യങ്ങൾക്കോ, പരിശീലനവുമായി ബന്ധപ്പെട്ട് സേനാംഗങ്ങളെ മറ്റ് ജില്ലകളിലെ കേന്ദ്രങ്ങളിൽ നിയോഗിക്കുന്ന അവസരങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ക്യാമ്പ് ഫോളോവർമാർ അവരുടെ തസ്തിക നിഷ്കർഷിച്ചിട്ടുള്ള ജോലികൾ കൂടാതെ അപ്പോൾ നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ചുള്ള മറ്റ് ജോലികളും ചെയ്യുവാൻ ബാധ്യസ്ഥരായിരിക്കും. **ഇപ്രകാരം തസ്തിക നിഷ്കർഷിച്ചിട്ടുള്ള ജോലികൾ കൂടാതെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്ന അവസരത്തിൽ ക്യാമ്പ് ഫോളോവർമാരുടെ ക്ഷേമംകൂടി കണക്കിലെടുക്കുവാൻ യൂണിറ്റ് മേധാവികളും മറ്റ് ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥരും ശ്രദ്ധചെലുത്തേണ്ടതാണ്.**"

**03.** മേൽപ്പറഞ്ഞ ഭേദഗതികൾ ഒഴികെ സൂചന 1 സർക്കുലറിലെ മറ്റെല്ലാനിർദ്ദേശങ്ങളും മാറ്റമില്ലാതെ തുടരുന്നതാണ്.

അനിൽ കാന്ത് ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവികളുടെയും അറിവിലേക്കും അനന്തരനടപടിക്കുമായി.

പകർപ്പ് :
1. പി.എച്ച്.ക്യൂവിലെ എല്ലാ സ്റ്റാഫ് ഓഫീസർമാരുടെയും അറിവിലേക്കായി.
2. എസ്.പി.സി., എ.ഡി.ജി.പി. (HQ), ഐ.ജി.പി. (T & RSM), എ.ഐ.ജി., എസ്. പി. (HQ) എന്നീ ഉദ്യോഗസ്ഥരുടെ സി.എമാർക്ക്.
3. ഡി സ്പെയ്സ്.